ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

PARISH BULLETIN

ദനഹാക്കാലം - 2018

Vol.9 Issue 7





പ്രാർത്ഥനാശംസകളോടെ...
Fr. Mathew Kuzhikkattu, Ponkunnam
41-ാം ചരമദിനം (ജനുവരി 13 ന്)
കെ. ജെ. മാത്യു
കടപ്പൂര്,
ഇടത്തംപറമ്പ്
നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നെയും ഓർക്കണമെ.
സ്നേഹസ്മരണയ്ക്ക്
കെ. എം. തോമസ്
കൊറ്റനല്ലൂർ
മരണം: 7-12-2017

# ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | - | 2 |
| ഇടയമൊഴി | - | 3 |
| വിളക്ക് | - | 5 |
| ഇടവക വിശേഷങ്ങളിലൂടെ | - | 7 |
| നിയമബോധനം | - | 15 |


## എഡിറ്റോറിയൽ ബോർഡ്


| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | - | ഫാ. ജോസഫ് വെള്ളമറ്റം | 9447867873 |
| ചീഫ് എഡിറ്റർ | - | ഫാ. ജോസഫ് അറയ്ക്കപ്പറമ്പിൽ | 9562765688 |
| സബ് എഡിറ്റേഴ്സ് | - | റോബിൻ കട്ടിക്കാരൻ | 9446602386 |
| | - | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | - | സുനിൽ പനയ്ക്കൽ | 9387844654 |
| | | സൂസൻ വെട്ടിക്കൊമ്പിൽ | |
| | | കിറ്റിൻ ഗോൾഡ്ഹിൽ | |
| | | കുസുമം ഗോൾഡ്ഹിൽ | |
| | | മരിയ മടുക്കക്കുഴി | |



Published by : The Vicar, Holy Family Forane Church, Ponkunnam. Ph: 04828- 221368

Layout & Printing: General Offset Ponkunnam
Ph: 222564, 9495496974

2018 ജനുവരി ലക്കം

## മുഖമൊഴി

ലോകരക്ഷകനായ മിശിഹായുടെ പിറവിത്തിരുനാൾ ആഘോഷിച്ചതിനുശേഷം നന്മയുടെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പുതിയ വർഷത്തിലേക്ക് പുതിയ ഉണർവ്വോടെയും പുത്തൻ പ്രതീക്ഷകളോടെയും നാം കടന്നിരിക്കുന്നു. പോയ വർഷത്തിൽ നമുക്കു ലഭിച്ച എല്ലാ നന്മകൾക്കും കാരുണ്യവാനായ ദൈവത്തിനു നന്ദിപറയാം. ഒപ്പം അറിഞ്ഞും അറിയാതെയും കടന്നുവന്ന പോരായ്മകളെ തിരുത്തി ദൈവത്തിനു സ്വീകാര്യരും മനുഷ്യർക്കു സുസമ്മതരും ആകുവാനുള്ള ഉറച്ച തീരുമാനത്തോടെ പുതുവത്സരത്തിലേക്കു പ്രവേശിക്കാം.


പറുദീസയിൽ നിന്ന് ആദ്യപാപഫലമായി പുറത്താക്കപ്പെട്ട ആദിമാതാപിതാക്കന്മാർക്കു യാഹ്‌വേ നല്കിയ വാഗ്ദാനം ആയിരുന്നു മനുഷ്യകുലത്തിന്റെ പാപപരിഹാരാർത്ഥം തന്റെ ഏകജാതനെ ലോകത്തിലേക്ക് അയയ്ക്കും എന്നത്. ഈ വാഗ്ദാനത്തിന്റെ നിറവേറ്റലാണ് 'അപ്പത്തിന്റെ വീട്'' എന്നർത്ഥമുള്ള ബത്‌ലഹേമിലെ പുൽക്കൂട്ടിൽ സാദ്ധ്യമായത്. അധികം ആരാലും ശ്രദ്ധിക്കപ്പെടാതെ കിടന്ന കാലിത്തൊഴുത്തും പുൽക്കൂടും ഈശോയുടെ ജനനം മൂലം വിശുദ്ധിയുടെ പരിമളത്താൽ സുഗന്ധപൂരിതമായി. ഇത് നമുക്ക് ജീവിതവിശുദ്ധിയിലേക്കുള്ള ചൂണ്ടുപലകയാണ്. പ്രശസ്ത ചിന്തകനായ ജി.കെ. ചെസ്റ്റർട്ടൻ പറയുന്നു 'ആയിരം തവണ ക്രിസ്തു പുൽക്കൂട്ടിൽ പിറന്നാലും ഒരു തവണയെങ്കിലും അവൻ ഹൃദയത്തിൽ പിറന്നില്ലെങ്കിൽ എല്ലാം നിഷ്ഫലമാണ്'. ഉണ്ണീയോയെ കണ്ടു വണങ്ങി കാഴ്ചകൾ സമർപ്പിച്ചു മടങ്ങുന്ന ജ്ഞാനികളോട് ദൈവത്തിന്റെ ദൂതൻ പറഞ്ഞത് വിദ്വേഷത്തിന്റെ, ശത്രുതയുടെ, പകയുടെ, സംഹാരത്തിന്റെ, അഹങ്കാരത്തിന്റെ പഴയ വഴിയെ മടങ്ങാതെ പുതിയ വഴിയെ, പുതിയ മനുഷ്യനായി പോകാനാണ്. അതെ, തന്നെക്കാൾ ദരിദ്രനായി ആരും ഉണ്ടാകാതിരിക്കാൻ പുൽക്കൂട്ടിൽ താണിറങ്ങിയ ഈശോയെ കണ്ടുകഴിഞ്ഞാൽ പഴയ വഴികൾ മാറ്റി പുതിയ വഴിയെ നാമും സഞ്ചരിക്കണം. പുതുവർഷത്തിൽ നമുക്കും പുതുവഴികളുണ്ടാവണം. കോപത്തിന്റെയും വിദ്വേഷത്തിന്റെയും അഹങ്കാരത്തിന്റെയും അസൂയയുടെയും സ്വാർത്ഥതയുടെയും പഴയ അദ്ധ്യായങ്ങൾ അടച്ചു വയ്ക്കാം. പകരം സ്നേഹത്തിന്റെയും ക്ഷമയുടെയും സന്തോഷത്തിന്റെയും എളിമയുടെയും കരുണയുടെയും ദയയുടെയും പുതിയ അദ്ധ്യായങ്ങൾ തുറക്കാം. 'ചെറുത് മനോഹരം' എന്നു ഗാന്ധിജിയുടെ വാക്കുകൾ. എന്നാൽ ചെറുതാകുന്നതിന്റെ 'വലിപ്പം' നമുക്കു കാണിച്ചുതന്നത് ഈശോമിശിഹായാണ്. മറ്റുള്ളവർക്കു വേണ്ടി ചെറുതാകാൻ നമുക്കും സാധിക്കട്ടെ. മൂല്യശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാം സ്വന്തമാക്കാൻ ഭ്രാന്തമായ ആവേശത്തോടെ പായാതെ, ഫേസ്ബുക്കിലും, വാട്സ് ആപ്പിലും ലൈക്കുകളിലും ഷെയറുകളിലും ഒതുങ്ങാതെ അതിർവരമ്പുകളില്ലാത്ത വാതായനങ്ങൾ തുറക്കാം. നിദ്ര വിട്ടുണർന്ന് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം. റോമ: 14:18 ൽ പറയുന്നതുപോലെ സമാധാനത്തിനും പരസ്പരോൽകർഷത്തിനും ഉതകുന്നവ ഈ പുതുവർഷത്തിൽ നമ്മുക്ക് അനുവർത്തിക്കാം.

ഏവർക്കും പുതുവത്സരാശംസകൾ !!!



## ഇടയമൊഴി

ഈശോയിൽ പ്രിയ സ്നേഹിതരേ,



നമ്മുടെ കർത്താവിന്റെ മാമ്മോദീസയും പരസ്യജീവിതവും അനുസ്മരിപ്പിക്കുന്ന ദനഹാക്കാലത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. മനുഷ്യനായ ഈശോ ദൈവത്തിന്റെ പ്രിയപുത്രനാണ് എന്ന വെളിപ്പെടുത്തലാണ് യോർദ്ദാൻ നദിയിലെ മാമ്മോദീസവേളയിൽ ഉണ്ടായത്. ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന് സ്നാപക യോഹന്നാൻ അവിടുത്തെ പരിചയപ്പെടുത്തി. കാനായിലെ കല്യാണവിരുന്നിൽ വെള്ളം വീഞ്ഞാക്കിക്കൊണ്ട് അവിടുന്ന് തന്റെ മഹത്ത്വം വെളിപ്പെടുത്തി.

വെളിപ്പെടുത്തപ്പെട്ട മിശിഹായെ തങ്ങളുടെ ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തിയ വിശുദ്ധാത്മാക്കളെ ദനഹാക്കാലത്തിലെ വെള്ളിയാഴ്ചകളിൽ പ്രത്യേകം അനുസ്മരിക്കുന്നു. വിശുദ്ധ സ്നാപക യോഹന്നാൻ, വിശുദ്ധ പത്രോസ്-പൗലോസ് ശ്ലീഹന്മാർ, വിശുദ്ധ സുവിശേഷകന്മാർ, വിശുദ്ധ എസ്തപ്പാനോസ്, സഭാപിതാക്കന്മാർ, ഇടവക മദ്ധ്യസ്ഥൻ എന്നീ ക്രമത്തിലാണ് ഓരോ വെള്ളിയാഴ്ചയും തിരുനാൾ ആചരിക്കുന്നത്. ദനഹാക്കാലത്തിലെ അവസാന വെള്ളിയാഴ്ച അഥവാ വലിയ നോമ്പിന് തൊട്ടുമുമ്പുള്ള വെള്ളിയാഴ്ച സകല മരിച്ചവരുടെയും ഓർമ്മയാചരിക്കുന്നു.

ഈശോയുടെ പരസ്യജീവിതവുമായി ബന്ധപ്പെട്ട വിശുദ്ധ ഗ്രന്ഥവായനകളാണ് ഈ കാലയളവിൽ ആരാധനക്രമത്തിൽ നാം പ്രധാനമായും ഉപയോഗിക്കുക. തിരുനാളുകളുടെ ഈ കാലത്താണ് നാം ഇടവകത്തിരുനാൾ ആചരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. ഫെബ്രുവരി 11 ന് വലിയ നോമ്പിലേക്ക് നാം പ്രവേശിക്കും.

ഈശോയുടെ മാമ്മോദീസാ നമ്മുടെ മാമ്മോദീസായെയും അനുസ്മരിപ്പിക്കുന്നു. മാമ്മോദീസ സ്വീകരിച്ച് ക്രൈസ്തവരായിത്തീർന്ന നാം ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വത്തെക്കുറിച്ച് കൂടുതൽ ബോദ്ധ്യമുള്ളവരാകേണ്ട കാലമാണിത്. ഈശോയെ അടുത്തറിഞ്ഞ്, സ്നേഹിച്ച്, ദൈവമക്കളായി ജീവിക്കാൻ നമ്മുക്ക് പരിശ്രമിക്കാം. പരിശുദ്ധാത്മാവിന്റെ വരദാനങ്ങളാൽ നിറഞ്ഞ് മിശിഹായുടെ സാക്ഷികളായി ജീവിക്കുവാൻ അവിടുന്ന് നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വെള്ളമറ്റം** (വികാരിയച്ചൻ)

## ന്യൂനപക്ഷ ക്ഷേമപദ്ധതികളെക്കുറിച്ചുള്ള സെമിനാർ

**സ്ഥലം: അൽഫോൻസാ ഹാൾ പൊൻകുന്നം**
**സമയം: 11.15 എ.എം മുതൽ 12.45 പി.എം. വരെ**
**തീയതി : 2018 ജനുവരി 28 ഞായർ**

കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ വിവിധ സ്കോളർഷിപ്പുകൾ, വിദ്യാഭ്യാസ വായ്പകൾ, കുറഞ്ഞ നിരക്കിൽ പലിശക്കു ലഭിക്കുന്ന പലവിധത്തിലുള്ള വായ്പകൾ, മറ്റു വിവിധ സഹായ പദ്ധതികൾ, എന്നീ വിഷയങ്ങളെക്കുറിച്ചും, ഉദ്യോഗാർത്ഥികൾക്കായി കാഞ്ഞിരപ്പള്ളിയിൽ പ്രവർത്തിക്കുന്ന സർക്കാർ കോച്ചിംഗ് സെന്ററിൽ ബാങ്കിംഗ്, എൻട്രൻസ് കോച്ചിംഗ്, കരിയർ ഗൈഡൻസ് എന്നീ കോഴ്സുകളിലേക്ക് അഡ്മിഷൻ ലഭിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ചും കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനംഗം **അഡ്വ. ബിന്ദു .എം. ജോസഫ്** ന്റെ നേതൃത്വത്തിൽ വിശദമായി ക്ലാസെടുക്കുന്നതാണ്.

ന്യൂനപക്ഷ ആക്ട്, ഇന്ത്യൻ ഭരണഘടനയും ന്യൂനപക്ഷവും എന്നീ കാര്യങ്ങളും സെമിനാറിൽ പരാമർശിക്കുന്നതാണ്. നിങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനുള്ള ചോദ്യോത്തരവേളയും ക്രമീകരിച്ചിട്ടുള്ളതാണ്. ഇടവകജനങ്ങൾ ഈ അവസരം പരമാവധി ഉപയോഗിക്കുക. നമുക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിലേക്കുള്ള ഞങ്ങളുടെ പ്രയത്നത്തിൽ നിങ്ങളും പങ്കാളികളാവുക.

## വിളക്ക്

**ഫാ. ജോസഫ്**
അറയ്ക്കപ്പറമ്പിൽ



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

"ദനഹ" എന്ന സുറിയാനി പദത്തിന്റെ വാച്യാർത്ഥം സൂര്യോദയം എന്നാണ്. പൗരസ്ത്യ സുറിയാനി സഭയിലെ ആരാധനാക്രമത്തിൽ ദനഹ എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് മിശിഹായുടെ പരസ്യജീവിതത്തിന് ആരംഭം കുറിച്ചുകൊണ്ട് സ്നാപകയോഹന്നാനിൽ നിന്നും ക്രിസ്തു സ്വീകരിച്ച മാമ്മോദീസയിലൂടെ പിതാവായ ദൈവം സ്വപുത്രനെ ലോകത്തിന് വെളിപ്പെടുത്തി കൊടുത്തതിനെയാണ്.

ദനഹക്കാലത്തിലെ എല്ലാ വെള്ളിയാഴ്ചകളും വിശുദ്ധരുടെ തിരുനാൾ ദിവസങ്ങളാണ്. ക്രിസ്തുവിന്റെ പരസ്യജീവിതത്തെ അനുസ്മരിക്കുന്ന ദനഹാക്കാലത്തിൽ ക്രിസ്തുവിനുവേണ്ടി ഈ ലോകത്തിൽ സാക്ഷ്യം വഹിച്ചവരുടെ ഓർമ്മയാണ് പ്രധാനമായും അനുസ്മരിക്കപ്പെടുന്നത്.

**മൂന്ന് നോമ്പ്**

നിനിവേക്കാരുടെ യാചന എന്ന പേരിലാണ് ഈ നോമ്പ് സാധാരണയായി അറിയപ്പെടുന്നത്. യോനാ പ്രവാചകൻ തിമിംഗലത്തിന്റെ ഉദരത്തിൽ മൂന്നു ദിവസം കഴിച്ചുകൂട്ടിയതിന്റെ ഓർമ്മയായിട്ടാണ് ഇത് ആചരിക്കുന്നത് (യോന 1:17)

**രാക്കുളിയും പിണ്ടികുത്തി പെരുന്നാളും**

ദനഹാതിരുനാളിനോടനുബന്ധിച്ച് (ജനുവരി 6) മലബാർ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരത്തിലിരുന്ന രണ്ട് ആചാരങ്ങളായിരുന്നു ഇവ. ജനുവരി 6 ന്റെ തലേ രാത്രിയിൽ അടുത്തുള്ള കുളത്തിലോ അരുവിയിലോ പോയി യോർദ്ദാൻ നദിയിൽ വച്ച് കർത്താവ് മാമ്മോദീസാ സ്വീകരിച്ചതിനെ അനുസ്മരിച്ചുകൊണ്ട് നടത്തുന്ന കുളിയാണ് 'രാക്കുളി' എന്നു പറയുന്നത്. നമ്മുടെ മാമ്മോദീസയുടെ അടിസ്ഥാനം കർത്താവിന്റെ മാമ്മോദീസയാണെന്ന് ഇതുവഴി പ്രഖ്യാപിക്കുന്നു.

പിണ്ടികുത്തിപെരുന്നാളും ജനുവരി 6 ന് തലേ രാത്രി തന്നെ ആയിരുന്നു. വീടിന്റെ മുറ്റത്ത് വാഴപ്പിണ്ടി നാട്ടി നിറുത്തിയ ശേഷം അതിൽ പന്തങ്ങൾ കൊളുത്തി അതിനു ചുറ്റും കുട്ടികൾ ഓടിനടന്ന് "ഏൽപയ്യ, ഏൽപയ്യ" (ദൈവം പ്രകാശമാകുന്നു) എന്ന് ആർത്തു പാടിയിരുന്നു.

ലോകത്തിന്റെ പ്രകാശമായി പ്രത്യക്ഷപ്പെട്ട ക്രിസ്തുവിനെയാണ് ഇത് അനുസ്മരിക്കുന്നത്. ഇന്നിപ്പോൾ കുട്ടികൾ പാട്ടുപാടി നൃത്തം ചെയ്യുന്നില്ലെങ്കിലും ദനഹാതിരുനാളിനോടനുബന്ധിച്ച് വാഴപ്പിണ്ടിയിൽ പന്തം കൊളുത്തുന്ന പതിവ് തുടർന്നു പോരുന്നു.

സ്നാപകയോഹന്നാനിൽ നിന്ന് മാമ്മോദീസ സ്വീകരിച്ചുകൊണ്ട് അഹംഭാവിയായ മനുഷ്യന് എളിമയുടെ മാതൃക കാട്ടികൊടുക്കുന്നു. അഹന്ത കൊണ്ട് എല്ലാം തകർന്നവർ എളിമകൊണ്ട് എല്ലാം നേടുമെന്ന് തമ്പുരാൻ കാണിച്ചുകൊടുത്തു.

## ഇന്നത്തെ സുവിശേഷം

| | | | |
|---|---|---|---|
| ജനുവരി 1 - മത്താ | 6:16-21 | ജനുവരി 17 - യോഹ | 21:15-19 |
| ജനുവരി 2 - ലൂക്കാ | 2:41-52 | ജനുവരി 18 - മർക്കോ | 4:35-41 |
| ജനുവരി 3 - മത്താ | 5:1-12 | ജനുവരി 19 - മത്താ | 16:13-19 |
| ജനുവരി 4 - മത്താ | 4:12-17 | ജനുവരി 20 - മത്താ | 15:21-28 |
| ജനുവരി 5 - ലൂക്കാ | 1:39-45 | ജനുവരി 21 - യോഹ | 1:2934-79 |
| ജനുവരി 6 - മത്താ | 3:13-17 | ജനുവരി 22 - മത്താ | 18:23-35 |
| ജനുവരി 7 - ലൂക്കാ | 4:16-22 | ജനുവരി 23 - ലൂക്കാ | 18:9-14 |
| ജനുവരി. 8 - യോഹ | 14:1-6 | ജനുവരി 24 - മത്താ | 6:1-4 |
| ജനുവരി 9 - ലൂക്കാ | 13:23-30 | ജനുവരി 25 - മത്താ | 20:1-16 |
| ജനുവരി 10 - യോഹ | 2:13-17 | ജനുവരി 26 - മത്താ | 10:1-15 |
| ജനുവരി 11 - ലൂക്കാ | 1:11-17 | ജനുവരി 27 - യോഹ | 8:39-47 |
| ജനുവരി 12 - മർക്കോ | 6:14-29 | ജനുവരി 28 - യോഹ | 2:1-11 |
| ജനുവരി 13 - മർക്കോ | 1:21-28 | ജനുവരി 29 - ലൂക്കാ | 5:12-16 |
| ജനുവരി 14 - യോഹ | 1:14-28 | ജനുവരി 30 - ലൂക്കാ | 4:22-30 |
| ജനുവരി 15 - യോഹ | 17:20-26 | ജനുവരി 31 - യോഹ | 10:1-6 |
| ജനുവരി 16 - യോഹ | 15:1-10 | | |

# ഇടവക വിശേഷങ്ങളിലൂടെ



## സൺഡേ സ്കൂൾ

1. **നിലയ്ക്കൽ തീർത്ഥാടനം**

   സൺഡേ സ്കൂൾ രൂപതാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 26-ാം തീയതി നിലയ്ക്കൽ തീർത്ഥാടനം നടത്തുന്നതാണ്. 7-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന മുഴുവൻ കുട്ടികളും തീർത്ഥാടനത്തിൽ പങ്കെടുക്കേണ്ടതാണ്.

2. **വാർഷിക പരീക്ഷ**

   സൺഡേ സ്കൂളിൽ 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വാർഷിക പരീക്ഷ ഫെബ്രുവരി 11-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.00 വരെ നടത്തുന്നതാണ്.

3. **സ്കോളർഷിപ്പ് പരീക്ഷ**

   സൺഡേ സ്കൂളിൽ 4 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സ്കോളർഷിപ്പ് പരീക്ഷ ഫെബ്രുവരി 11-ാം തീയതി ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ നടത്തുന്നതാണ്.

***റോബിൻ കട്ടിക്കാരൻ*** (ഹെഡ്മാസ്റ്റർ)

## ചെറുപുഷ്പ മിഷൻലീഗ്

1. 22 വീടുകളിൽ യുവദീപ്തിയുമായി സഹകരിച്ച് പലചരക്ക്, പച്ചക്കറി കിറ്റുകൾ വിതരണം ചെയ്തു.
2. ഫൊറോനാതല മിഷൻലീഗ് കരോൾ മത്സരത്തിൽ പൊൻകുന്നം യൂണിറ്റിന് മൂന്നാം സ്ഥാനം ലഭിച്ചു.
3. ചെങ്ങളത്തുവച്ച് നടത്തിയ രൂപതാതല സമ്മേളനത്തിൽ മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു.

4. ക്രിസ്തുമസ്സ് ദിനത്തിൽ, വീടില്ലാത്തവർക്ക് ഭക്ഷണപ്പൊതി വിതരണം ചെയ്തു.

**ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)**

## മാതൃവേദി

1. ഡിസംബർ 9-ാം തീയതി മാതൃവേദിയുടെ വാർഷികവും ഇടവകയിലെ വിവാഹത്തിന്റെ 25 ഉം 50 ഉം വർഷ ജൂബിലിക്കാരെ ആദരിയ്ക്കലും നടത്തി.
2. ഡിസംബർ 21-ാം തീയതി മാതൃവേദിയുടെ ഫൊറോനാ വാർഷികം അൽഫോൻസാ അജപാലനഹാളിൽ വച്ച് നടത്തി.
3. ഡിസംബർ 31-ാം തീയതി ഞായറാഴ്ച 7 മണി കുർബാനയ്ക്കു ശേഷം മാതൃവേദിയുടെ 2018-19 വർഷത്തേയ്ക്കുള്ള ഭാരവാഹികൾ ഡയറക്ടർ റവ.ഫാ.ജോസഫ് വെള്ളമറ്റത്തിന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു.
4. ജനുവരി മാസത്തിലെ പൊതുയോഗം രണ്ടാം ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് കൂടുന്നതാണ്
5. മാതൃവേദി ഫൊറോനാ വൈസ് പ്രസിഡന്റായി നമ്മുടെ യൂണിറ്റിലെ ശ്രീമതി മേരിക്കുട്ടി പൊടിമറ്റം തെരഞ്ഞെടുക്കപ്പെട്ടു.

**ബിന്ദു റ്റിജോ തേക്കുംതോട്ടം (സെക്രട്ടറി)**

## സാരഥി

1. രോഗികളായ 2 പേർക്ക് 4000/- രൂപ നല്കി.
2. മരത്തിൽനിന്നു വീണ് 6 വർഷമായി കിടപ്പിലായ മധുവിനും അദ്ദേഹത്തിന്റെ എട്ടുവയസ്സുള്ള അന്ധയായ കുട്ടിക്കും വേണ്ടിയുള്ള കുടുംബസഹായനിധിയുടെ ഫണ്ടു ശേഖരണം സാരഥിയുടെ നേതൃത്വത്തിൽ നടക്കുന്നു. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.
3. പള്ളിയുടെ പരിസരം വൃത്തിയാക്കുന്നതിനും ചെടികൾ നടുന്നതിനും ബഹുമാനപ്പെട്ട കൊച്ചച്ചനോടൊപ്പം സാരഥി അംഗങ്ങൾ പങ്കെടുത്തു.

## സി. വൈ. എം. എ.

തിരുക്കുടുംബ ദൈവാലയ ശതോത്തര രജതജൂബിലി സ്മാരക മായി പള്ളി കോമ്പൗണ്ടിൽ നിർമ്മാണം പൂർത്തിയാക്കിയ സി.വൈ. എം.എ ഓഫീസ് നേഴ്സറി സ്ക്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം 29-12-2017 വെള്ളിയാഴ്ച അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് നിർവഹിച്ചു. ഡയറക്ടർ റവ.ഫാ.ജോസഫ് വെള്ളമറ്റം അദ്ധ്യക്ഷനാ യിരുന്നു. ആന്ധ്രാപ്രദേശ് കർണൂൾ രൂപതാദ്ധ്യക്ഷൻ മാർ ആന്റണി പൂലാ, ശ്രീ. ആന്റോ ആന്റണി എം.പി., ഡോ. എൻ. ജയരാജ് എം. എൽ.എ., റവ.ഫാ. റോയി വടക്കേൽ എന്നിവർ സമ്മേളനത്തിൽ സന്നി ഹിതരായിരുന്നു. തദവസരത്തിൽ നടന്ന കൂപ്പൺ നറുക്കെടുപ്പിൽ ഒന്നാം സമ്മാനം ശ്രീ. ചാക്കോച്ചൻ പുളിക്കലിനും രണ്ടാം സമ്മാനം ശ്രീ. ജോസ് സെബാസ്റ്റ്യൻ കിളിരൂപ്പറമ്പിലിനും മൂന്നാം സമ്മാനം ശ്രീ. സോജൻ മാത്യു നടയ്ക്കലിനും ലഭിച്ചു. യോഗശേഷം സ്നേഹവിരുന്നും ഗാനമേളയും ഉണ്ടായിരുന്നു. ഈ സംരംഭത്തിൽ ഞങ്ങളെ സഹായി ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാവർക്കും സി.വൈ. എം.എ യുടെ നന്ദി അറിയിക്കുന്നു

*സെക്രട്ടറി, റ്റിജോ തേക്കുംതോട്ടം*

## യുവദീപ്തി - S.M.Y.M

1. **സത്യപ്രതിജ്ഞ**

   പുതിയ പ്രവർത്തന വർഷത്തിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ഭാര വാഹികളുടെ സത്യപ്രതിജ്ഞ ഡിസംബർ 3-ാം തീയതി ഞായ റാഴ്ച നടത്തി.

2. **സ്റ്റാർ നിർമ്മാണം**

   ക്രിസ്മസ്സിന്റെ വരവ് അറിയിച്ചുകൊണ്ട് ഡിസംബർ 1-ാം തീയതി യുവജനങ്ങൾ ചേർന്ന് പള്ളിമുറ്റത്ത് സ്റ്റാർ സ്ഥാപിച്ചു.

3. **കേക്ക് മേള**

   മലനാട് ഡെവലപ്മെന്റ് സൊസൈറ്റിയോട് ചേർന്ന് കുറഞ്ഞ നിരക്കിൽ യുവദീപ്തി അംഗങ്ങൾ ഇടവകയിലെ കുടുംബങ്ങ

ളിൽ കേക്ക് വിതരണം നടത്തി. അതിൽ നിന്നും ലഭിച്ച വരുമാനം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നൽകുകയും ചെയ്തു.

4. **ക്രിസ്തുമസ്സ് ആഘോഷം**

24-12-17 ൽ യുവദീപ്തി അംഗങ്ങളുടെ ക്രിസ്തുമസ്സ് ആഘോഷം ഫാ. സിജോ അറയ്ക്കപ്പറമ്പിലിന്റെ നേതൃത്വത്തിൽ നടത്തുകയും ഫാ. എബിൻ കുഴിക്കാട്ട് ക്രിസ്തുമസ്സ് സന്ദേശം നൽകുകയും യുവജനങ്ങൾക്ക് ക്രിസ്തുമസ്സ് ഫ്രണ്ടിനെ തിരഞ്ഞെടുക്കുകയും ചെയ്തു.

5. **ബോൺ നത്താലെ**

ക്രിസ്തുമസ്സ് രാത്രി പാതിരാ കുർബ്ബാനയ്ക്ക് ശേഷം യുവജനങ്ങൾ ചേർന്ന് പള്ളി മോണ്ടലത്തിൽ "ബോൺ നത്താലെ" എന്ന പേരിൽ ക്രിസ്തുമസ്സ് പ്രോഗ്രാം അവതരിപ്പിച്ചു.

6. **ക്ലീനിംഗ്**

പൗരോഹിത്യസ്വീകരണത്തോടനുബന്ധിച്ച് യുവജനങ്ങൾ ചേർന്ന് ഡിസംബർ 23 നും 26 നും പള്ളിമുറി ക്ലീനിംഗ് നടത്തി.

7. **പൗരോഹിത്യ സ്വീകരണം**

ബഹു. ഫാ. മാത്യു കുഴിക്കാട്ടിന്റെ പൗരോഹിത്യ സ്വീകരണത്തിനുവേണ്ടി യുവജനങ്ങൾ ചേർന്ന് പള്ളി പരിസരം അലങ്കരിക്കുകയും വേണ്ട സഹായ സഹകരണങ്ങൾ നൽകുകയും ചെയ്തു.

8. **ആശംസ നൽകി.**

ബഹു. വികാരിയച്ചന്റെയും, കൊച്ചച്ചന്റെയും പൗരോഹിത്യ സ്വീകരണദിനമായ ഡിസം. 27 ന് യുവജനങ്ങൾ ആശംസകൾ നേർന്നു.

9. **പിറന്നാൾ ആഘോഷം**

ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ബഹു. കൊച്ചച്ചന്റെ പിറന്നാൾ ആഘോഷിച്ചു.

10. **ആശ്രമ സന്ദർശനം**

ക്രിസ്തുമസ്സിനോടനുബന്ധിച്ച് കാഞ്ഞിരപ്പള്ളി ബേത്‌ലഹം ആശ്രമം സന്ദർശിക്കുകയും ക്രിസ്തുമസ്സ് ഫ്രണ്ടിന് സമ്മാനമായി നൽകിയ സോപ്പുകൾ അവിടുത്തെ അന്തേവാസികൾക്ക്

നൽകുകയും കേക്ക് വിതരണം നടത്തുകയും ചെയ്തു.

11. **ഫൊറോന സെനറ്റ്**

പൊൻകുന്നത്തുവച്ച് നടത്തിയ പൊൻകുന്നം ഫൊറോന യുവ ദീപ്തി എസ്. എം. വൈ. എം - ന്റെ വാർഷിക സെനറ്റിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുക്കുകയും റിപ്പോർട്ട് അവത രണം നടത്തുകയും ചെയ്തു. ഫൊറോന ജനറൽ സെക്രട്ടറി യായി നമ്മുടെ ഇടവകയിൽ നിന്നു സാം വടശ്ശേരി തെരഞ്ഞെടു ക്കപ്പെട്ടു.

*സച്ചിൻ കുഴിവേലിൽ ( ജന. സെക്രട്ടറി)*

## പിതൃവേദി

പിതൃവേദിയുടെ രണ്ടാമത് കമ്മറ്റിയോഗം 8-12-17 നും രണ്ടാമത് പൊതുയോഗം 17-12-17 നും ബഹു. ജോസഫ് വെള്ളമറ്റത്തിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ക്രിസ്തുമസ്സ് ആഘോഷങ്ങൾക്ക് മുമ്പായി അംഗങ്ങൾ ദൈവാലയത്തിന്റെ മദ്ബഹ വൃത്തിയാക്കി. ഡിസം ബർ 24-ാം തീയതി കൂട്ടായ്മ അടിസ്ഥാനത്തിൽ പുൽക്കൂട് മത്സരം നടത്തി. പ്രകൃതി സൗഹൃദമായ പുൽക്കൂട് മത്സരത്തിൽ 12 കൂട്ടായ്മ കൾ പങ്കെടുത്തു. ഒന്നാം സമ്മാനാർഹരായ 46-ാം കൂട്ടായ്മയ്ക്ക് പാരി തോഷികമായി 5001/- രൂപ മേരിമാതാ ഗ്യാസ് ഏജൻസിയും രണ്ടാം സമ്മാനാർഹരായ 20-ാം കൂട്ടായ്മയ്ക്ക് 3001/- രൂപ വട്ടയ്ക്കാട്ട് ഗ്ലാസ്സ് ഹൗസും മൂന്നാം സമ്മാനാർഹരായ 3-ാം കൂട്ടായ്മയ്ക്ക് 2001/- രൂപ പെയിന്റ് ആന്റ് പെയിന്റ്സും സ്പോൺസർ ചെയ്തു.

ക്രിസ്തുമസ്സ് രാവിൽ തിരുക്കർമ്മങ്ങൾക്കു ശേഷം എല്ലാവർക്കും ഔഷധകാപ്പിയും കുഴലപ്പവും വിതരണം ചെയ്തു. തുടർന്ന് ബഹു. വികാരിയച്ചൻ പുൽക്കൂട് മത്സര വിജയികൾക്ക് സമ്മാനദാനവും നിർവ്വ ഹിച്ചു. ഡിസംബർ 27-ാം തീയതി ഡീക്കൻ എബിൻ കുഴിക്കാട്ടിന്റെ പൗരോഹിത്യ കൂദാശയുടെ എല്ലാ ചടങ്ങുകളിലും അംഗങ്ങൾ സജീ വമായി പങ്കെടുത്തു.

പിതൃവേദിയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വി.യൗസേപ്പ് പിതാവിന്റെ തിരുസ്വരൂപം പള്ളിയിലേക്ക് വാങ്ങി സമർപ്പിക്കുവാൻ തീരുമാനിച്ചു.

**റ്റി.എം. മാത്തുക്കുട്ടി, തൊമ്മിത്താഴെ (സെക്രട്ടറി)**

## കത്തോലിക്കാ കോൺഗ്രസ്

കത്തോലിക്കാ കോൺഗ്രസ്സ് പൊൻകുന്നം തിരുക്കുടുംബ ഫൊറോനാ യൂണിറ്റ് സ്ഥാപിതമായി. ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ, കത്തോലിക്കാ കോൺഗ്രസ് ഡയറക്ടർ ഫാ. മാത്യു പാലക്കുടിയുടെയും, രൂപതാ ഫൊറോനാ ഭാരവാഹികളുടെയും സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ വച്ച്, അഡ്വക്കേറ്റ് ബോബൻ മണ്ണാറാത്ത് പ്രസിഡന്റായും, ജോസ് മാനുവൽ വട്ടക്കാട്ട് സെക്രട്ടറിയായും, പി.എ ജോസഫ് പെരികിലക്കാട്ട് ട്രഷററായും ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു.

അഡ്വ. സാജു തോമസ് കുന്നപ്പള്ളിൽ, എബ്രഹാം ജോസഫ് കോയിപ്പുറത്ത് എന്നിവർ വൈസ് പ്രസിഡന്റുമാരായും രാജു മാത്യൂസ് കട്ടക്കയം പുത്തൻപുരയ്ക്കൽ ജോ. സെക്രട്ടറിയായും തോമസ് ജോസഫ് ആര്യാടൻപ്ലാക്കൽ രൂപതാ പ്രതിനിധിയായും ജോസ് ജോസഫ് തെക്കേക്കുറ്റ്, ജോണി എ. ജെ. വയലിൽ, ജോസുകുട്ടി റ്റി.ജെ. തോട്ടുങ്കൽ, ഫ്രാൻസിസ് തോമസ് പാറേക്കുളം എന്നിവർ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായും ചുമതലയേറ്റ് പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഡിസംബർ 14-ാം തീയതി ബഹു. വികാരിയച്ചന്റെയും കൊച്ചച്ചന്റെയും സാന്നിദ്ധ്യത്തിൽ നടന്ന പൊതുയോഗത്തിൽ വച്ച് നമ്മുടെ ഇടവകയിലുള്ള മുതിർന്ന പൗരന്മാരുടെ സാമൂഹികവും ആരോഗ്യപരവുമായ ക്ഷേമപ്രവർത്തനങ്ങൾ ലക്ഷ്യമാക്കി ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള രൂപരേഖകൾ തയ്യാറാക്കുന്നതിനും, ന്യൂനപക്ഷ ക്ഷേമപദ്ധതികളിലൂടെ ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങളെക്കുറിച്ച് ഇടവക ജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിന് സെമിനാർ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചു

28-12-2017 ൽ കത്തോലിക്കാ കോൺഗ്രസ് ഹോളിഫാമിലി ഫൊറോനാ യൂണിറ്റ് പ്രവർത്തനോദ്ഘാടനവും ഓഫീസ് വെഞ്ചരിപ്പും ഫെറോനാ വികാരി

റവ. ഡോ. ജോസഫ് വെള്ളമറ്റം നിർവ്വഹിച്ചു. ഫെറോനാ പ്രസിഡന്റ് ജോർജ് കൊച്ചുപുരയ്ക്കൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ഗ്ലോബൽ സമിതി വൈസ് പ്രസിഡന്റ് സെലിൻ സിജോ മുണ്ടമറ്റം എന്നിവരെ യഥാക്രമം ട്രഷറർ ജോസഫ് പെരുകിലക്കാട്ട്, പ്രൊഫസർ ആൻസമ്മ ജോസഫ് എന്നിവർ പൊന്നാട അണിയിക്കുകയും സ്വീകരണം നൽകുകയും ചെയ്തു. ഫാ. തോമസ് ഈറ്റോലിൽ, കേന്ദ്രവർക്കിങ്ങ് കമ്മിറ്റിയംഗം ജയിംസ് പെരുമാക്കുന്നേൽ, രൂപതാ ജനറൽ സെക്രട്ടറി റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, വനിതാ ഫോറം രൂപതാ പ്രസിഡന്റ് മിനി സണ്ണി മണ്ണംപ്ലാക്കൽ, യൂണിറ്റ് പ്രസിഡന്റ് അഡ്വ. ബോബൻ മണ്ണാറാത്ത്, സെക്രട്ടറി ജോസ് മാനുവൽ വട്ടയ്ക്കാട്ട്, സാജു കുന്നപ്പള്ളി, ജോസ് തോട്ടത്തിൽ, തോമസ് ആര്യാടൻ പാക്കൽ എന്നിവർ പ്രസംഗിച്ചു.

*ജോസ് മാനുവൽ (സെക്രട്ടറി)*

## അസോവ

നമ്മുടെ സംഘടനയുടെ പത്താമത് ഡയറക്ടർ ബോർഡ് മീറ്റിംഗ് 27-12-2017 ബുധനാഴ്ച സെക്രട്ടറി പുളിയ്ക്കൽ പി.സി. ചാക്കോയുടെ ഭവനത്തിൽ നടത്തപ്പെട്ടു. ബഹു. തോമസ് ഈറ്റോലിൽ അച്ചന്റെ മഹനീയ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ പ്രസിഡന്റ് എ.റ്റി. ജോസഫ് അത്യാലിൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു. അനന്തരം നടന്ന യോഗ നടപടികളാണ് ഇനി പ്രസ്താവിക്കുന്നത്.

എം.ബി.എഫ് സ്കീമിന്റെ അഞ്ചാം തവണ നറുക്കെടുപ്പിൽ വിജയിയായത് സ്കീമിലെ ഏഴാമത്തെ മെമ്പറായ എം.വി. വറുഗീസ് മള്ളാത്താണ്.

സെക്രട്ടറിയുടെ ജന്മദിന വാർഷിക ചടങ്ങും അന്നേദിവസം നടത്തപ്പെട്ടു. റവ. ഫാ. തോമസ് ഈറ്റോലിൽ പ്രാർത്ഥനാശംസകൾ നടത്തി. ബോർഡ് മെമ്പർ റ്റി.എം. മാത്തുക്കുട്ടി തൊമ്മിത്താഴെ നന്ദിയും പ്രകാശിപ്പിച്ചു. സ്നേഹവിരുന്നോടെ യോഗനടപടികൾ രാത്രി 9.00 ന് സമാപിച്ചു.

**പി.സി. ചാക്കോ പുളിക്കൽ (സെക്രട്ടറി)**

## വിൻസെൻഷ്യൻ വേദി

ചികിത്സാ സഹായമായി 9 പേർക്ക് 37000 രൂപയും വിദ്യാഭ്യാസ സഹായമായി ഒരാൾക്ക് 1000 രൂപയും ഭവനത്തിന്റെ അറ്റകുറ്റ പണിക്കായി ഒരാൾക്ക് 12720 രൂപയും നൽകി. ഒരാളുടെ ഭവന നിർമ്മാണത്തിനായി ഒരു ഗുണകാംക്ഷി നൽകിയ 1,60,000 രൂപകൊണ്ട് ഒരു വീടിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. വർഷംതോറും വിൻസെൻഷ്യൻ പ്രവർത്തകർ നടത്തുന്ന ഭവന സന്ദർശനം ഈ മാസം മുതൽ ആരംഭിക്കും.

*തോമസ് നരിതൂക്കിൽ (സെക്രട്ടറി)*



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. ജോസഫ് അരിമറ്റം
2. തോമസ് കട്ടിക്കാരൻ
3. ജോസഫ് പുളിക്കൽ
4. മരിയ വലിയപാഴൂർ
5. അന്ന ആലയ്ക്കൽ
6. മെറിൻ കാരാട്ടുകുഴിയിൽ
7. ഫിലോമിന ചിങ്ങംപറമ്പിൽ
8. ഡൊമിനിക് ഇലവുങ്കൽ

## നമ്മൾ ഒന്നായി

| | | |
|---|---|---|
| 1. അജീഷ് | & | രമാമോൾ മാക്കൽ |
| 2. ജെൻസ് | & | ബിമൽ തൂങ്കുഴി |
| 3 മാർട്ടിൻ | & | ജെഷ്മ പൊടിമറ്റത്തിൽ |

## ഓർമ്മകളിലേയ്ക്ക്

1. അപ്പച്ചൻ കടപ്പൂര്
2. അച്ചൻകുഞ്ഞ് കൊറ്റനല്ലൂർ
3. കുട്ടിച്ചൻ പുറവിടക്കുന്നേൽ

**ബോബൻ മണ്ണാറാത്ത്**
അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

## *വിവാഹം രജിസ്റ്റർ ചെയ്തിരിക്കണമോ – വേണ്ടയോ ?*

രജിസ്റ്റർ മാര്യേജ് എന്നത് നിയമപരമായ ഒരു മാര്യേജായിട്ടാണ് പലരും കണക്കാക്കുന്നത്. സാധാരണ പ്രമാണങ്ങൾ സബ് രജിസ്ട്രാറാഫീസിൽ രജിസ്റ്റർ ചെയ്യുന്നതുപോലെ ഭാര്യാഭർത്താക്കന്മാരായി ജീവിച്ചുകൊള്ളാമെന്ന് കക്ഷികൾ സമ്മതിച്ച് വിവാഹ ഉടമ്പടി രജിസ്റ്റർ ചെയ്യുന്നതുകൊണ്ട് ആ വിവാഹത്തിന് അംഗീകാരമോ നിയമസാധുതയോ ഇല്ല. എന്നാൽ സ്പെഷ്യൽ മാര്യേജ് ആക്ട് അനുസരിച്ച് പ്രായപൂർത്തിയായ സ്ത്രീക്കും പുരുഷനും സബ് രജിസ്ട്രാർ മുമ്പാകെ വിവാഹിതരാകാം. അതിന് ചില നടപടിക്രമങ്ങളുണ്ട്. സ്പെഷ്യൽ മാര്യേജ് ആക്ട് അനുസരിച്ച് വിവാഹിതരായവർക്ക് ഒരു സർട്ടിഫിക്കറ്റ് ലഭിക്കും. ആ വിവാഹത്തെ സംബന്ധിച്ചിടത്തോളം ഇപ്രകാരം ലഭിക്കുന്ന സർട്ടിഫിക്കറ്റ് ഒരു നിർണ്ണായക തെളിവാണ്. സ്വീകാര്യവും രേഖാമൂലവും ഉള്ള തെളിവുകളുടെ അഭാവം അനാവശ്യ തർക്കങ്ങൾക്ക് വഴിതെളിക്കുന്നു.

ബഹു. സുപ്രീം കോടതി 2006 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ഏതു മതാചാരപ്രകാരമുള്ള വിവാഹമായാലും അത് നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുകയും അതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കു രൂപം കൊടുക്കുകയും ചെയ്തു. അതനുസരിച്ച് 2008 ൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള ചട്ടങ്ങൾ കേരള സർക്കാർ ഉണ്ടാക്കുകയും, അത് 2008 ലെ തന്നെ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും നടപ്പിൽ വരികയും ചെയ്തു.

വിവാഹം എവിടെവച്ചു നടന്നുവോ, അവിടുത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ അതു രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷനായി അപേക്ഷിക്കേണ്ട സമയപരിധി 45 ദിവസങ്ങളാണ്. 2 സെറ്റ് ഫോട്ടോകൾ സഹിതം നിശ്ചിത ഫാറത്തിൽ അപേക്ഷിക്കുകയും അതിൽ വധൂവരന്മാരും മതപരമായി നടന്ന വിവാഹചടങ്ങിൽ ദൃക്സാക്ഷികളായിരുന്ന രണ്ടുപേരുംകൂടി ഒപ്പിടണം. 45 ദിവസത്തിനകം വിവാഹം രജിസ്റ്റർ ചെയ്യുന്നതിനപേക്ഷിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ 100 രൂപ പിഴ സഹിതം ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യാവുന്നതാണ്.

ചീഫ് രജിസ്ട്രാർ ജനറൽ, (വിവാഹം രജിസ്റ്റർ ചെയ്യുന്നതിന്റെ) പഞ്ചായത്ത് ഡയറക്ടറാണ്. ഒരു വർഷത്തിനുശേഷം വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രാർ

ജനറലിന്റെ അനുമതി വങ്ങേണ്ടതുണ്ട്. പഞ്ചായത്ത് പ്രദേശങ്ങളുടെ രജിസ്ട്രാർ ജനറൽ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറും നഗരങ്ങളുടെ രജിസ്ട്രാർ ജനറൽ ജോയിന്റ് ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സുമാണ്. ഇതിനായി 250/- രൂപ പിഴ ഒടുക്കണം.

45 ദിവസം കഴിഞ്ഞ് വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് കൊടുക്കുന്ന അപേക്ഷയോടൊപ്പം വിവാഹം നടന്നുവെന്ന് തെളിയിക്കുന്നതിലേക്ക് ഗസറ്റഡ് ആഫീസറുടെയോ, ജനപ്രതിനിധികളുടെയോ പ്രതിജ്ഞാപത്രം ഫോം നമ്പർ രണ്ടിൽ കൊടുക്കണം. വിവാഹം നടന്നുവെന്നതിന് ലഭിക്കുന്ന ആധികാരികമായ രേഖകളും ഇതിലേക്ക് ഹാജരാക്കാവുന്നതാണ്.

കക്ഷികൾ തമ്മിൽ വിവാഹം നടന്നുവെന്നതിലേക്ക് അധികാരസ്ഥാനങ്ങളിൽ ഹാജരാക്കാവുന്ന സ്വീകാര്യമായ തെളിവ് മാത്രമാണ് ഈ ചട്ടങ്ങൾ അനുസരിച്ച് ലഭിക്കുന്ന സർട്ടിഫിക്കറ്റ്. കക്ഷികൾക്കു ബാധകമായ മറ്റു നിയമങ്ങൾ അനുസരിച്ച് വിവാഹത്തിന് നിയമസാധുതയില്ലെങ്കിൽ ഈ ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യുന്നതുകൊണ്ടുമാത്രം നിയമസാധുത ലഭിക്കുന്നതല്ല. വിവാഹത്തിന്റെ നിയമസാധുതയെപ്പറ്റി തീരുമാനിക്കുന്നതിനോ, കക്ഷികൾ നേരിട്ടു ഹാജരാകണമെന്ന് നിർബന്ധിക്കുന്നതിനോ, പഞ്ചായത്ത്/ തദ്ദേശ സ്വയംഭരണ രജിസ്ട്രാർക്ക് അധികാരമില്ല. എന്നാൽ കക്ഷികളെ തിരിച്ചറിയുന്ന കാര്യത്തിൽ അദ്ദേഹത്തിന് ന്യായമായ സംശയമുണ്ടാവുകയാണെങ്കിൽ കക്ഷികളോട് നേരിട്ട് ഹാജരാകുവാൻ ആവശ്യപ്പെടാമെന്ന് ബഹു. കേരള ഹൈക്കോടതിയുടെ ഒരു വിധിന്യായത്തിലുണ്ട്.

പൊതുചട്ടങ്ങൾ പ്രകാരം വിവാഹം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ യാതൊരു കാരണവശാലും വിവാഹ സർട്ടിഫിക്കറ്റുകൾ ഒരു കാര്യത്തിനും സർക്കാർ പരിഗണിക്കുകയില്ല.

മറ്റു സ്റ്റാറ്റ്യൂട്ടുകളിലെ നിബന്ധനകൾ അനുസരിച്ച് രജിസ്ടേഷൻ നിർബന്ധിതമായിരിക്കുകയും, അപ്രകാരം രജിസ്ട്രേഷൻ നടത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ പൊതു ചട്ടങ്ങൾ അനുസരിച്ച് വിവാഹം രജിസ്റ്റർ ചെയ്യേണ്ടതില്ല. എന്നാൽ 2008 ഫെബ്രുവരി 29 ന് മുൻപുനടന്ന വിവാഹങ്ങൾ ഈ ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധമില്ല.

വിദേശങ്ങളിലേക്ക് പോകുന്നതു സംബന്ധിച്ച് വിസ്സാ പ്രോസസിംഗ് വേളയിൽ വിവാഹ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണമെന്ന് നിഷ്കർഷിച്ചുകാണുന്നുണ്ട്.


TONY
WEDS
BIJITHA
Pittathankal,
Ponkunnam



castillo™
furniture

1st mile, Nariyanani P.O, P.P Road Ponkunnam
Kottayam
Ph: 04828 221188
Mob: +91 9447868098, 9447367688
www.castillofurniture.in